## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.346 25.04.2017 ൽ മറുപടിയ്ക്ക്

### വിലക്കയറ്റം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. പി.ടി. തോമസ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് പച്ചക്കറിയുടെയും പലവ്യഞ്ജനത്തിന്റെയും വില ക്രമാതീതമായി ഉയർന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) വിലയിരുത്തിയിട്ടുണ്ട് . |
| (ബി) വിലക്കയറ്റംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസം എത്തിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സബ്സിഡി നിരക്കിൽ 16 ഇനം അവശ്യ സാധനങ്ങളാണ് സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നത്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റ് വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി. യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി |

വരുന്നു. അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും. വില വർദ്ധനവ് തടയുന്നതിനുമായി അരിക്കട ഫെയറുകൾ ആരംഭിക്കുകയും. സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുമുണ്ട്.

(സി) പൊതുവിപണിയിലെ അരി വില കുറയ്ക്കുവാൻ അരിക്കടകൾ എത്രമാത്രം സഹായകമായി എന്ന് വെളിപ്പെടുത്തുമോ; പൊതുകമ്പോള ത്തിൽ നിലവിൽ ജയ, മട്ട എന്നീ ഇനങ്ങളിൽപ്പെട്ട അരിയുടെ വില കിലോയ്ക്ക് എത്രയാണ് എന്ന് വ്യക്തമാക്കാമോ ;

(സി) വിപണിയിൽ കൂടുതൽ അരി കുറഞ്ഞ വിലയിൽ ലഭ്യമാക്കുവാനുള്ള നടപടിയുടെ ഭാഗമായി ആരംഭിച്ച അരിക്കടകളിലൂടെ ഉപഭോക്താക്കൾക്ക് എല്ലാത്തരം അരികളും പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. ഓയിൽ പാം ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി എന്ന പേരിൽ മട്ട (ഉണ്ട) അരി കിലോഗ്രാമിന് 33/- രൂപ നിരക്കിലും ലഭ്യമാക്കിയിട്ടുണ്ട്. പൊതുവിപണി യിൽ നിലവിൽ മട്ട അരിയുടെ വില കിലോ ഗ്രാമിന് 40/- രൂപയും, ജയ അരി കിലോ ഗ്രാമിന് 43.75/- രൂപയുമാണ്.

(ഡി) പൊതുവിപണിയിൽ ഇടപെടുന്ന തിൽ സർക്കാരിനുണ്ടായ പരാജയമാണ് പച്ചക്കറിയ്ക്കും അവശ്യസാധനങ്ങൾക്കും സംസ്ഥാന ചരിത്രത്തിലെ റിക്കാർഡ് വിലവർദ്ധനവിന് കാരണമായതെന്ന ആക്ഷേപം പരിഗണിച്ച്, സിവിൽ സപ്ലൈ സിനും കൺസ്യൂമർഫെഡിനും കമ്പോള ഇടപെടലിന് അധികതുക അനുവദിക്കുമോ എന്നറിയിക്കാമോ?

(ഡി) പൊതുവിപണിയിൽ വളരെ കാര്യക്ഷമമായി ഇടപെട്ടതുമൂലം, മാർക്കറ്റ് ഇടപെടൽ പദ്ധതി വഴിയുള്ള അവശ്യവസ്തുക്കളുടെ സബ്സിഡി നിരക്കിലുള്ള വിതരണം, ഓണക്കാലത്തെ സൗജന്യ ബി.പി.എൽ. കിറ്റ് വിതരണം, ഓണക്കാലത്തെ സ്പെഷ്യൽ പഞ്ചസാര വിതരണം എന്നിവ വഴി 2016 – 2017 ഫെബ്രുവരി മാസം വരെ സപ്ലൈകോ 402.80/- കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി സർക്കാർ 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2017 – 2018 സാമ്പത്തിക വർഷത്തിൽ വിപണി ഇടപെടലിനായി സപ്ലൈകോയ്ക്ക് 150 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ